ഇടുക്കി	-	1
എറണാകുളം	-	38
തൃശ്ശൂർ	-	15
പാലക്കാട്	-	153
മലപ്പുറം	-	25
കണ്ണൂർ	-	10
കാസർഗോഡ്	-	29
ആകെ		487

(ബി) ഇത്തരത്തിലുള്ള കേസുകളിൽ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നു. പിടിച്ചെടുക്കുന്ന ഭക്ഷ്യസാധനങ്ങൾ പൊതുവിതരണ ശൃംഖല വഴി വിറ്റഴിച്ച് വിൽപ്പനവില മാത്രം ഡെപ്പോസിറ്റിൽ സൂക്ഷിക്കുന്നു. കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയും ചെയ്യാറുണ്ട്. ഉടനെ അറസ്റ്റ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികളും സ്വീകരിക്കുന്നു.

റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ

213 (1257) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻ കടകൾ നേരിടുന്ന പ്രശ്നങ്ങൾ തീർക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും റേഷൻ കട നടത്തുന്നവർക്ക് നിശ്ചിത വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടി ആലോചനയിലുണ്ടോ ;

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റെന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ? ഇതിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റേഷൻ വ്യാപാരികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിവേദിത പി. ഹരൻ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും കമ്മീഷൻ പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഡബ്ല്യു.എഫ്.പി.-യുടെ നേതൃത്വത്തിലും റേഷൻകടക്കാരുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) റേഷൻ മില്ലുടമകളുടെ കമ്മീഷൻ 1-1-2015മുതൽ ക്വിന്റലിന് പരമാവധി 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻകട നടത്തുന്നവർക്ക് നിശ്ചിത വേതനം നൽകുന്നത് സംബന്ധിച്ച നടപടി നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരണം

214 (1258) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും വിവിധ പ്രദേശങ്ങളിൽ നെല്ല് സംഭരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു ക്വിന്ററൽ നെല്ലിൽനിന്നും നിശ്ചിത അളവ് കുറവ് ചെയ്യാൻ (പതിരിന്റെയും മറ്റും പേരിൽ) അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്നും വെളിപ്പെടുത്താമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിച്ച നെല്ലിന് കർഷകർക്ക് കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്നും ഇത് ഏത് മാസം വരെയുള്ളതാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly